***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി: 10.01.2021

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെയും ക്രൈംബ്രാഞ്ചിന്റെയും ഓഫീസ് സമുച്ചയങ്ങളുടെ ശിലാസ്ഥാപന കർമ്മം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നാളെ (11-01-2021) നിർവഹിക്കുന്നു**

തിരുവനന്തപുരം ജില്ലയിൽ നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെയും ക്രൈംബ്രാഞ്ചിന്റെയും ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിലേക്കായി സർക്കാർ മുട്ടത്തറയിൽ അനുവദിച്ച സ്ഥലത്ത് നിർമ്മിക്കുന്ന ഓഫീസ് സമുച്ചയങ്ങളുടെ ശിലാസ്ഥാപന കർമ്മം 2021 ജനുവരി 11 തിങ്കളാഴ്ച വൈകിട്ട് 04.00 മണിക്ക് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ വീഡിയോ കോൺഫറൻസിംഗ് മുഖേന നിർവഹിക്കുന്നു.

ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ മന്ത്രി ശ്രീ. ജി. സുധാകരൻ അവർകൾ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബഹു. കേരള സംസ്ഥാന പോലീസ് മേധാവി ശ്രീ .ലോക്നാഥ് ബെഹ്റ ഐ.പി.എസ്. അവർകൾ സ്വാഗതം ആശംസിക്കുകയും ബഹു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശ്രീ. സുദേഷ് കുമാർ ഐ.പി.എസ് അവർകൾ ആമുഖ പ്രസംഗം നടത്തുകയും ചെയ്യും. ബഹു. തിരുവനന്തപുരം എം.എൽ.എ. ശ്രീ. വി. എസ്. ശിവകുമാർ, ബഹു. തിരുവനന്തപുരം എം.പി. ശ്രീ. ശശി തരൂർ, ബഹു. തിരുവനന്തപുരം മേയർ കുമാരി ആര്യ

രാജേന്ദ്രൻ എന്നിവർ മുഖ്യാതിഥികൾ ആകുന്ന ചടങ്ങിൽ ബഹു. എ. ഡി .ജി.പി (എച്ച്.ക്യു) പിഎച്ച്.ക്യു .ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്, ബഹു. എ. ഡി .ജി. പി (ക്രൈംസ്) ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്, ബഹു. ഐ.ജി.പി.(ക്രൈംസ്) ശ്രീ. ഗോപേഷ് അഗർവാൾ ഐ.പി.എസ് , ബഹു.വിജിലൻസ് ഇന്റെലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ. ഹരി ശങ്കർ ഐ.പി.എസ്, വിജിലൻസ് അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ശ്രീ.കെ.ഡി.ബാബു, പിഡബ്ല്യുഡി ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്) ശ്രീമതി. ഹൈജീൻ ആൽബെർട്ട് ,ബീമാപള്ളി ഈസ്റ്റ് കൌൺസിലർ ശ്രീ,സുധീർ എന്നിവർ സന്നിഹിതരാകുന്ന ശിലാസ്ഥാപന കർമ്മത്തിൽ ബഹു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലിസ് ശ്രീ. എച്ച്. വെങ്കിടേഷ് ഐ.പി.എസ് അവർകൾ കൃതജ്ഞതയും രേഖപ്പെടുത്തും.

തിരുവനന്തപുരം ജില്ലയിൽ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യുണിറ്റ്-1, കുഞ്ചാലുംമൂട് പ്രവർത്തിക്കുന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യുണിറ്റ്-2, ആദർശ് നഗറിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം സ്പെഷ്യൽ സെൽ, പട്ടം പൊട്ടക്കുഴിയിൽ പ്രവർത്തിക്കുന്ന വിജിലൻസ് ദക്ഷിണ മേഖല ഓഫീസ്, മരുതുംകുഴിയിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം വിജിലൻസ് യുണിറ്റ് എന്നീ അഞ്ച് വിജിലൻസ് ഓഫീസുകൾ ആണ് മുട്ടത്തറയിൽ സർക്കാർ വിജിലൻസിന് അനുവദിച്ച 75 സെന്റിൽ പുതിയ കെട്ടിടം നിർമ്മിച്ചു മാറുന്നത്. സംസ്ഥാന പൊതുമരാമത്ത് വിഭാഗമാണ് അഞ്ചു നിലകളിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ രൂപ കല്പനയും നിർമ്മാണവും നടത്തുന്നത്.